REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പശ്ചിമബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിൽ വോട്ടെടുപ്പ് അല്പസമയത്തിനകം. വിധിയെഴുതുന്നത് 142 മണ്ഡലങ്ങൾ.**
- **കേരളമടക്കം നാലു സംസ്ഥാനങ്ങളിലെയും പുതുച്ചേരിയിലെയും  എക്സിറ്റ് പോൾ ഫലങ്ങൾ വൈകിട്ട് പുറത്തുവരും.**
- **രാജ്യത്തെ ഉഷ്ണതരംഗ സാഹചര്യത്തിൽ തൊഴിലാളികളെയും പുറംജോലി ചെയ്യുന്നവരെയും സംരക്ഷിക്കാൻ കേന്ദ്രം രാജ്യവ്യാപക മാർഗനിർദേശം പുറപ്പെടുവിച്ചു.**
- **വിദ്യാർത്ഥികളുടെ നിർബന്ധിത സ്കൂൾ പ്രവേശനം ദേശീയ ഉത്തരവാദിത്വമാണെന്ന് സുപ്രീം കോടതി.**
- **മുണ്ടത്തിക്കോട് സ്ഫോടനം അന്വേഷിക്കുന്ന ജുഡീഷ്യൽ കമ്മീഷൻ, ഇന്ന് സംഭവ സ്ഥലം സന്ദർശിക്കും.**
- **IPL ക്രിക്കറ്റിൽ  രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

പശ്ചിമബംഗാൾ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തെയും അവസാനത്തെയും ഘട്ടത്തിൽ 142 മണ്ഡലങ്ങൾ ഇന്ന് വിധിയെഴുതും. പോളിംഗ് അല്പസമയത്തിനകം തുടങ്ങും. വൈകിട്ട് ആറുവരെ വോട്ടു ചെയ്യാം. ഏഴ് ജില്ലകളിലെ 40,000 ബൂത്തുകളിലാണ് വോട്ടെടുപ്പ്. 1448 സ്ഥാനാർത്ഥികൾ

മത്സരരംഗത്തുണ്ട്. ഇവരിൽ വനിതാ സ്ഥാനാർത്ഥികൾ 220 പേരാണ്. എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിംഗ് സൗകര്യം ഒരുക്കിയിട്ടുണ്ട്.

ആദ്യ ഘട്ടത്തിൽ 93ശതമാനത്തിലേറെ പോളിംഗ് രേഖപ്പെടുത്തിയ പശ്ചിമബംഗാളിൽ അതേ പ്രവണത തുടരുമെന്ന വിലയിരുത്തലിലാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ. അതുകൊണ്ടുതന്നെ വോട്ടർമാർക്കാവശ്യമായ സൗകര്യങ്ങളും സുരക്ഷാ സജ്ജീകരണങ്ങളും ശക്തമാക്കിയിട്ടുണ്ട്.

✪✪✪

കേരളമടക്കം നാലു സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലെയും എക്സിറ്റ് പോൾ ഫലങ്ങൾ വൈകിട്ട് പുറത്തുവരും.

പശ്ചിമബംഗാളിലെ അവസാനഘട്ട വോട്ടെടുപ്പ് വൈകിട്ട് അവസാനിക്കുന്നതിനു പിന്നാലെ പ്രമുഖ ദേശീയ - പ്രാദേശിക മാധ്യമങ്ങൾ എക്സിറ്റ് പോൾ സർവേ ഫലം പുറത്തുവിടും. വോട്ടെണ്ണലും ഔദ്യോഗിക ഫലപ്രഖ്യാപനവും മെയ് നാലിനാണ്.

✪✪✪

ഗുജറാത്ത് തദ്ദേശ ഭരണ തിരഞ്ഞെടുപ്പിൽ BJP വൻ വിജയം നേടി. സംസ്ഥാനത്തെ എല്ലാ പ്രധാന മുനിസിപ്പൽ കോർപ്പറേഷനുകളും BJP സ്വന്തമാക്കി. ഒൻപതിനായിരത്തി ഇരുനൂറ് സീറ്റുകളിൽ BJP 7,424 സീറ്റ് നേടി. വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിലെ ജനങ്ങൾക്ക് നന്ദി അറിയിച്ചു. ജനവിധി, സംസ്ഥാനവും പാർട്ടിയും തമ്മിലെ ബന്ധം ശക്തിപ്പെടുത്തുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. തെരഞ്ഞെടുപ്പിൽ കോൺഗ്രസ് 1,720 സീറ്റ് നേടിയപ്പോൾ, മറ്റ് പാർട്ടികൾ 740 സീറ്റ് നേടി.

✪✪✪

രാജ്യത്തെ ഉഷ്ണതരംഗ സാഹചര്യത്തിൽ തൊഴിലാളികളെയും പുറംജോലി ചെയ്യുന്നവരെയും സംരക്ഷിക്കാൻ കേന്ദ്രം രാജ്യവ്യാപക മാർഗനിർദേശം പുറപ്പെടുവിച്ചു. സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ ഏകോപിതവും ബന്ധപ്പെട്ട മേഖലകൾക്ക് ബാധകവുമായ സമീപനം സ്വീകരിക്കാൻ തൊഴിൽ മന്ത്രാലയം നിർദേശിച്ചു.

[ഡെസ്ക് റിപ്പോർട്ട്]

.........വോയ്സ്..........

തൊഴിലാളികൾക്ക് ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാനും വെയിൽ ഏൽക്കാത്ത വിശ്രമ സ്ഥലങ്ങൾ ഒരുക്കാനും മന്ത്രാലയം നിർദേശിച്ചു. തൊഴിലാളികളുടെ ആരോഗ്യ പരിശോധനയ്ക്കും സംവിധാനമുണ്ടാക്കണം.

നിർമ്മാണ മേഖലയിലേയും ഇഷ്ടിക ചൂളകളിലേയും ദിവസ വേതനക്കാരായ താൽക്കാലിക തൊഴിലാളികൾക്ക് പ്രത്യേക പരിരക്ഷ ഒരുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

സൂര്യാതപമുണ്ടായാൽ ആവശ്യമായ പരിചരണ സൗകര്യങ്ങളും ORS, ഐസ് പാക്ക് എന്നിവ വേണ്ടത്ര ലഭ്യമാക്കണം. രണ്ടാഴ്ചയിലൊരിക്കൽ ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

ദേശീയ പാതാ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് നാല് വരെ ജോലി ചെയ്യാൻ നിർബന്ധിക്കരുതെന്ന് ദേശീയ പാതാ അതോറിറ്റിയും നിർദേശം നൽകി. ടാറിംഗ്, വെൽഡിംഗ് ജോലികൾ അതിരാവിലെയും വൈകുന്നേരവുമായി പരിമിതപ്പെടുത്തണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ ചിലയിടങ്ങളിൽ വേനൽമഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്.

✪✪✪

വിദ്യാഭ്യാസ അവകാശ നിയമപ്രകാരം വിദ്യാർത്ഥികളുടെ നിർബന്ധിത സ്കൂൾ പ്രവേശനം ദേശീയ ഉത്തരവാദിത്വമാണെന്ന് സുപ്രീം കോടതി വിധിച്ചു. സംസ്ഥാന ഗവണ്മെന്റ് നിർദേശിക്കുന്ന വിദ്യാർത്ഥികളെ തൊട്ടടുത്ത സ്വകാര്യ അൺഎയ്ഡഡ് സ്ഥാപനങ്ങൾ ഉൾപ്പെടെ സ്കൂളുകളിൽ കാലതാമസമില്ലാതെ പ്രവേശിപ്പിക്കാൻ അവർ നിയമപരമായി ബാധ്യസ്ഥരാണെന്ന് കോടതി പറഞ്ഞു.

ദുർബലരും പിന്നാക്കം നിൽക്കുന്നവരുമായ വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രവേശനം നിഷേധിക്കുന്നത് ഭരണഘടനയിലെ വിദ്യാഭ്യാസ മൗലികാവകാശത്തിന്റെ ലംഘനമാണെന്ന് ജസ്റ്റിസുമാരായ PS. നരസിംഹ, അലോക് ആരാധെ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

✪✪✪

മതപരമായ ആഘോഷങ്ങളുടെയും പ്രവർത്തനങ്ങളുടെയും പേരിൽ റോഡുകൾ തടസ്സപ്പെടുത്താൻ പാടില്ലെന്ന് സുപ്രീം കോടതി ഒമ്പതംഗ ഭരണഘടനാ ബെഞ്ച് നിരീക്ഷിച്ചു. പൊതു ജീവിതത്തെയും സുഗമ ഗതാഗതത്തെയും തടസ്സപ്പെടുത്തുന്ന തരത്തിൽ നടപടിയുണ്ടായാൽ ഗവൺമെന്റിന് ഇടപെടാൻ അധികാരമുണ്ടെന്നും നിരീക്ഷണത്തിൽ പറയുന്നു.

മതേതര സ്വഭാവത്തെ ബാധിക്കുന്ന സാഹചര്യങ്ങളിലും ഇടപെടലിന് ഗവൺമെന്റിന് അധികാരമുണ്ടെന്ന് ബെഞ്ച് വിലയിരുത്തി.

ശബരിമലയിലെ സ്ത്രീ പ്രവേശന വിഷയമടക്കം പരിഗണിക്കവെയാണ് ഭരണഘടനാ ബെഞ്ച് ഈ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. മത സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെന്നും എന്നാൽ ഭരണഘടനാപരമായ പരിമിതികൾ ഉൾക്കൊണ്ട് പൊതുജീവിതത്തെ ദോഷകരമായ തരത്തിൽ ബാധിക്കാത്ത തരത്തിലായിരിക്കണം ഗവൺമെന്റുകളുടെ ഇടപെടലെന്ന് ബെഞ്ച് നിർദേശിച്ചു. ബെഞ്ചിൽ ഇന്നും വാദം തുടരും.

✪✪✪

രണ്ട് ദിവസത്തെ ഉത്തർപ്രദേശ് സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഹർദോയിയിൽ ഗംഗാ എക്സ്പ്രസ് വേ ഉദ്ഘാടനം ചെയ്യും. 594 കിലോമീറ്റർ ആറുവരി പാത 36,230 കോടി രൂപ ചെലവിലാണ് നിർമ്മിച്ചത്. UP യിലെ ഏറ്റവും നീളമേറിയ ആറുവരിപ്പാതയാണിത്.

പൊതുയോഗത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

✪✪✪

ഒന്ന് മുതൽ പിന്മാറുമെന്ന് UAE അറിയിച്ചു. രാജ്യങ്ങൾക്ക് ഉത്പാദന വിഹിതം ഏർപ്പെടുത്തിയ തീരുമാനത്തിനെതിരെയാണ് നീക്കമെന്ന് വിലയിരുത്തുന്നു. പരമാവധി എണ്ണ വില്പന സാധ്യമാക്കുകയാണ് നടപടിയിലൂടെ UAE ലക്ഷ്യമിടുന്നത്.

✪✪✪

ഗൾഫ് സഹകരണ കൗൺസിൽ ഇന്ന് സൗദി അറേബ്യയിലെ ജിദ്ദയിൽ യോഗം ചേരും. ഗൾഫ് രാജ്യങ്ങളിൽ ഇറാന്റെ മിസൈൽ- ഡ്രോൺ ആക്രമണത്തിന് പ്രതിവിധി തയ്യാറാക്കുകയാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യം.

✪✪✪

തൃശൂർ മുണ്ടത്തിക്കോട് വെടിക്കോപ്പ് നിർമ്മാണ ശാലയിലെ സ്ഫോടനം അന്വേഷിക്കുന്ന ജുഡീഷ്യൽ കമ്മീഷൻ ജസ്റ്റിസ് CN രാമചന്ദ്രൻ നായർ ഇന്ന് സംഭവ സ്ഥലം സന്ദർശിക്കും. തൃശൂർ ഗവൺമെന്റ് മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്നവരെയും അദ്ദേഹം കാണും.

✪✪✪

സംസ്ഥാനത്തു പാൽ വില വർധിപ്പിക്കുന്ന കാര്യം ഇന്ന് തിരുവനന്തപുരത്ത് ചേരുന്ന മിൽമ ഡയറക്ടർ ബോർഡ് യോഗം ചർച്ച ചെയ്യും. പാൽ വില ലിറ്ററിന്

4 മുതൽ 6 രൂപ വരെ വർദ്ധിപ്പിക്കണമെന്ന ശുപാർശക്ക് ഗവണ്മെന്റ് അംഗീകാരം നൽകിയിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നില നിൽക്കുന്നതിനാൽ പ്രഖ്യാപനം വൈകുമെന്നാണ് സൂചന.

✪✪✪

അഞ്ചരക്കണ്ടി ദന്തൽ കോളജ് വിദ്യാർത്ഥി നിതിൻ രാജിന്റെ മരണവുമായി ബന്ധപ്പെട്ട് ഒരു വിഭാഗം ദളിത് സംഘടനകൾ ആഹ്വാനം ചെയ്ത ഹർത്താലിലെ സംഘർഷത്തിൽ 91 പേരെ അറസ്റ്റു ചെയ്തു. 22 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വാഹനങ്ങൾ തടയുകയും വ്യാപാര സ്ഥാപനങ്ങൾ അടപ്പിക്കുകയും ചെയ്തവർക്കെതിരെയാണ് കേസെടുത്തത്.

ഹർത്താൽ ആഹ്വാനം ചെയ്തവർക്കെതിരെ ഹൈക്കോടതി അവധിക്കാലബെഞ്ചും സ്വമേധയാ കേസെടുത്തിട്ടുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് , ചണ്ഡിഗഢിൽ പഞ്ചാബ് കിംഗ്സിനെ ആറ് വിക്കറ്റിന് തകർത്തു. ഇന്ന് വൈകിട്ട് ഏഴരയ്ക്ക് മുംബൈ ഇന്ത്യൻസ് , സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. മുംബൈ വാംഖഡെ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഈസ്റ്റ് ബംഗാൾ-ഒഡീഷ FC യെ പരാജയപ്പെടുത്തി.ഗോവയിൽ എതിരില്ലാത്ത മൂന്ന് ഗോളിനാണ് ഈസ്റ്റ് ബംഗാളിന്റെ ജയം.

✪✪✪

ഏഷ്യൻ ബീച്ച് ഗെയിംസ് പുരുഷ ബാസ്ക്കറ്റ് ബോളിൽ ഇന്ത്യക്ക് പരാജയം. ക്വാർട്ടറിൽ ഫിലിപ്പീൻസ് ആണ് ഇന്ത്യയെ പരാജയപ്പെടുത്തിയത്. സെമിയിൽ ഫിലിപ്പീൻസ് തായ്‌ലാൻഡിനെയും ,ഖത്തർ ചൈനയെയും നേരിടും

✪✪✪

പാലക്കാട് ജില്ലയിൽ വേനൽക്കെടുതി രൂക്ഷമായതോടെ മംഗലം അണക്കെട്ടിന്റെ റിവർ സ്ലൂയിസ് വഴി രാവിലെ പുഴയിലേക്ക് വെള്ളം തുറന്നുവിടും. തീരവാസികൾക്ക് ജാഗ്രതാ നിർദേശം നൽകി. വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര, പുതുക്കോട് പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ വേണ്ടിയാണ് വെള്ളം തുറുന്നുവിടുന്നത്.

✪✪✪

തൃശ്ശൂർ വെങ്ങിണിശ്ശേരി കപ്പക്കാട് നാല് കുട്ടികൾക്ക് ഇന്നലെ വൈകിട്ട് ഇടിമിന്നലേറ്റു. കൈകാലുകൾക്ക് പൊള്ളലേറ്റ കുട്ടികളെ തൃശൂർ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

തലശ്ശേരി പൊന്ന്യത്ത് എർത്ത് കമ്പിയിൽ നിന്ന് ഷോക്കേറ്റ് ഇന്നലെ രാത്രി KSEB കരാർ തൊഴിലാളി മരിച്ചു. കുണ്ടുചിറയിലെ A.രാജൻ ആണ് മരിച്ചത്. സബ്സ്റ്റേഷന് സമീപത്തെ വൈദ്യുതപോസ്റ്റിൽ തീ കണ്ടതിനെ തുടർന്ന് തകരാർ പരിഹാക്കാനെത്തിയതായിരുന്നു രാജൻ.

✪✪✪

ചെങ്ങന്നൂരിൽ ഇന്നലെ വൈകിട്ട് ഫുട്ബോൾ കളിക്കുന്നതിനിടെ ഇടിമിന്നലേറ്റ് യുവാവ് മരിച്ചു. മുളക്കുഴ സ്വദേശി ആസിഫ് ആണ് മരിച്ചത്.

✪✪✪

താമരശേരി ചുരത്തിലെ ആറാം വളവിൽ കൊക്കയിലേക്ക് മറിഞ്ഞ നിർമ്മാണ വാഹനം, ഉയർത്തുന്നതിനാൽ ഇന്ന് പകൽ സമയത്ത് ഭാര വാഹനങ്ങൾക്കും മൾട്ടി ആക്സിൽ വാഹനങ്ങൾക്കും ചുരത്തിൽ പൂർണ നിയന്ത്രണം ഏർപ്പെടുത്തി. മറ്റ് വാഹനങ്ങൾക്ക് ഭാഗിക നിയന്ത്രണവും ഉണ്ടായിരിക്കും.

✪✪✪

പന്തീരങ്കാവ് ടോൾ പ്ലാസയിൽ നിർത്തിയിട്ട ട്രക്കിന് തീ പിടിച്ചു. മൂന്ന് അഗ്നി ശമന യൂണിറ്റുകൾ ചേർന്ന് തീ കെടുത്തി. മഹാരാഷ്ട്രയിൽ നിന്നു ആലുവയിലേക്ക് പോകുകയായിരുന്ന ട്രക്കിനാണ് തീ പിടിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിൽ വനിതാ സംരംഭകത്വം ശക്തിപ്പെടുത്താൻ IIM ഗവേഷകസംഘം ആവിഷ്കരിച്ച 'ഉയരെ' പദ്ധതിക്ക് തുടക്കമായി. ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് പദ്ധതി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ വനിതാ സംരംഭകർക്ക് പ്രായോഗിക ബിസിനസ് അറിവ് നൽകി അവരെ ശക്തിപ്പെടുത്തുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കോഴിക്കോട്, മലപ്പുറം ജില്ലകളിലെ 40 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 700 വനിതകൾക്ക് ഏപ്രിൽ- ജൂൺ കാലയളവിൽ പരിശീലനം നൽകും.

✪✪✪

ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന ക്യാമ്പ് ഇന്ന് കളമശ്ശേരി സ്റ്റാർട്ട്അപ് മിഷനിൽ ആരംഭിക്കും. കൈറ്റ് CEO അൻവർ സാദത്ത് ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor & News Reader: : അനിൽ ചന്ദ്രൻ*
*News Team: അബ്ദുൾ കബീർ, രജിന കെ*
*DEO: സി കെ സുബോധ്*